"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം - പ്രിൻസിപ്പാൾ /ജോയിന്റ് ഡയറക്ടർ (മെഡിക്കൽ)/ജോയിന്റ് ഡയറക്ടർ (പ്ലാനിംഗ് & ഡെവലപ്മെന്റ്) തസ്തികയിലെ സ്ഥലംമാറ്റവും പ്രസ്തുത തസ്തികയിലേക്കുള്ള റെഗുലർ സ്ഥാനക്കയറ്റവും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എസ് ) വകുപ്പ്**

സ.ഉ.(സാധാ) നം.2814/2026/H&FWD തീയതി,തിരുവനന്തപുരം, 22-08-2026

പരാമർശം:-

1. സ.ഉ (സാധാ) നം.1854/2026/ആ.കു.വ തീയതി 01/06/2026
2. OA No.830/2026, OA No.831/2026 - ൽ ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 02/06/2026- ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ്
3. MA-999/2O26 in OA-83O/2O26 -ൽ ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 15/06/2026- ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ്
4. OP(KAT) നം. 200,201,216 & 217/2026 - എന്നിവയിൽ ബഹു. ഹൈക്കോടതി 28/07/2026- ൽ പുറപ്പെടുവിച്ച വിധിന്യായം
5. സ.ഉ (പി) നം.73/2026/ആ.കു.വ തീയതി 05/08/2026
6. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 06/08/2026-ലെ എഫ് 4-2370/2026/ഡി.എം.ഇ നം കത്ത്.
7. സ.ഉ (സാധാ) നം.2801/2026/ആ.കു.വ തീയതി 21/08/2026

**ഉത്തരവ്**

മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിലെ സ്പെഷ്യൽ ഓഫീസർ തസ്തിക ജോയിന്റ് ഡയറക്ടർ (പ്ലാനിംഗ് & ഡെവലപ്മെന്റ് ) എന്ന് പുനഃ നാമകരണം ചെയ്ത് പരാമർശം (7) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി .ഭരണപരമായ സൗകര്യം കണക്കിലെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ പ്രിൻസിപ്പാൾ/ജോയിന്റ് ഡയറക്ടർ (മെഡിക്കൽ)/ജോയിന്റ് ഡയറക്ടർ (പ്ലാനിംഗ് & ഡെവലപ്മെന്റ്) തസ്തികയിലെ സ്ഥലംമാറ്റവും, പ്രസ്തുത തസ്തികകളിലേക്കുള്ള റെഗുലർ സ്ഥാനക്കയറ്റവും താഴെപ്പറയും പ്രകാരം അംഗീകരിച്ച് ഉത്തരവാകുന്നു .

(i) എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളായ ഡോ. ജബ്ബാർ പി. കെ.യുടെ വിരമിക്കൽ തീയതി കൂടി കണക്കിലെടുത്ത് ടിയാനെയും മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിലെ

ജോയിന്റ് ഡയറക്ടർ (പ്ലാനിംഗ് & ഡെവലപ്മെന്റ്) ഡോ. ബിജുകൃഷ്ണൻ ആർ.-നെയും പരസ്പരം സ്ഥലംമാറ്റം നൽകി നിയമിക്കുന്നു .കൂടാതെ ഡോ. ജബ്ബാർ പി. കെ. -ക്ക് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ എൻഡോക്രൈനോളജി വിഭാഗത്തിന്റെ ചുമതല തുടർന്നും നിർവ്വഹിക്കുന്നതിനും അനുമതി നൽകുന്നു .

ii) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ പ്രിൻസിപ്പാൾ/ജോയിന്റ് ഡയറക്ടർ (മെഡിക്കൽ)/ജോയിന്റ് ഡയറക്ടർ (പ്ലാനിംഗ് & ഡെവലപ്മെന്റ്) തസ്തികയിലേക്കുള്ള റഗുലർ സ്ഥാനക്കയറ്റത്തിനുള്ള പരാമർശം (5)- ലെ സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ ജനറൽ മെഡിസിൻ വിഭാഗം പ്രൊഫസർ ഡോ. അബ്ദുൾ മജീദ് കെ.-യ്ക്ക് പ്രിൻസിപ്പാൾ തസ്തികയിലേക്ക് റെഗുലർ സ്ഥാനക്കയറ്റം നൽകി മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലെ പ്രിൻസിപ്പാൾ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നു.

2) മേൽ പ്രകാരമുള്ള സ്ഥലംമാറ്റം /റെഗുലർ സ്ഥാനക്കയറ്റം എന്നിവ OA No.830/2026, OA No.831/2026 എന്നിവയിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമ ഉത്തരവിന് വിധേയമായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുരളീധരൻ ചെട്ടിയാർ
അണ്ടർ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം
ബന്ധപ്പെട്ട ഫാക്കൽറ്റികൾക്ക് (മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന )
എല്ലാ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾമാർക്കും (മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന )
ആരോഗ്യ കുടുംബക്ഷേമ (ബി /കെ/പി) വകുപ്പ്
വെബ്ബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എസ് 1/90/2026/ആ.ക.വ)

ഉത്തരവിൻ പ്രകാരം
Digitally signed by
Siby Joseph
Date: 22-08-2026
16:14:15
സെക്ഷൻ ഓഫീസർ

പകർപ്പ്:

ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്